## പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3212** **24.02.2016 ന് മറുപടിയ്ക്ക്**

**ബാർ തൊഴിലാളികളുടെ സംരക്ഷണം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.കെ.ഗുരുദാസൻ<br>,, എം.ചന്ദ്രൻ<br>,, വി.ചെന്താമരാക്ഷൻ<br>,, ആർ. രാജേഷ് : | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി) |

| | | | |
|---|---|---|---|
| (എ) | മദ്യനയത്തിന്റെ ഭാഗമായി തൊഴിൽ നഷ്ടപ്പെട്ട ഫോർ സ്റ്റാർ, ത്രീ സ്റ്റാർ ബാറുകളിലെ എല്ലാ തൊഴിലാളി കളെയും സംരക്ഷിക്കുന്നതിന് സാദ്ധ്യമായിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | മദ്യനയത്തിന്റെ ഭാഗമായി അടച്ചുപൂട്ടിയ ബാർ ഹോട്ടലുകളിലെ എല്ലാ തൊഴിലാളികൾക്കും ജോലി നൽകണമെന്ന വ്യവസ്ഥയിന്മേലാണ് ടി ഹോട്ടലുകൾക്ക് എഫ്.എൽ-11-ബിയർ/വൈൻ പാർലർ ലൈസൻസ് അനുവദിച്ച നൽകിയത് |
| (ബി) | ഇവരുടെ പുനരധിവാസത്തിന് വിദേശ മദ്യഷോപ്പുകൾ വഴി വിൽക്കുന്ന മദ്യത്തിന്മേൽ എത്ര ശതമാനം സെസ് ചുമത്തിയിരുന്നു; ഇതുവഴി ഇതിനകം സമാഹരിച്ച വരുമാനം എത്രയാണ്; ഈ തുക പുനരധിവാസത്തിന് വിനിയോഗിച്ചിട്ടുണ്ടോ; | (ബി) | തൊഴിലാളികളുടെ പുനരധിവാസത്തിനായി മദ്യ വിൽപ്പനയിന്മേൽ 5% സെസ്സ് ചുമത്തിയിട്ടുണ്ട്. ഈയിനത്തിൽ ഇതിനകം (ഡിസംബർ 2015 വരെ) 350 കോടി 88 ലക്ഷം രൂപ സമാഹരിച്ചി ട്ടുണ്ട്. ഈ തുകയിൽ നിന്നും അടച്ചുപൂട്ടിയ ബാർ ഹോട്ടലുകളിലെ 5851 തൊഴിലാളികൾക്ക് ആദ്യ ഗഡു സമാശ്വാസധനമായി 5000 രൂപ വീതവും 5809 തൊഴിലാളികൾക്ക് രണ്ടാം ഗഡു സമാശ്വാസധനമായി 10,000/- രൂപ വീതവും, ആത്മഹത്യ ചെയ്ത മൂന്ന് രജിസ്റ്റേർഡ് തൊഴി ലാളികളുടെ ആശ്രിതർക്ക് രണ്ടു ലക്ഷം രൂപാ വീതവും വിതരണം ചെയ്തിട്ടുണ്ട്. |
| (സി) | തൊഴിൽ നഷ്ടപ്പെട്ടവർ എത്രയായി രുന്നു; എന്തെല്ലാം നിലയിലുള്ള നഷ്ട പരിഹാരമാണ് തീരുമാനിക്കപ്പെട്ടിരു ന്നത്? | (സി) | അടച്ചുപൂട്ടിയ ബാർ ഹോട്ടലുകളിൽ 6966 രജിസ്റ്റേർഡ് തൊഴിലാളികളുണ്ടായിരുന്നുവെ ന്നാണ് നാളിതുവരെ റിപ്പോർട്ട് ചെയ്തിട്ടുള്ളത്. അടച്ചുപൂട്ടിയ ബാർ ഹോട്ടലുകളിലെ തൊഴിലാളി കളെ പുനരധിവസിപ്പിക്കുന്നതിന് കൂടി വേണ്ടി യാണ് അത്തരം ഹോട്ടലുകളിൽ ബിയർ/ വൈൻ പാർലറുകൾ അനുവദിച്ചത്. ടി ഹോട്ടലുകളിലെ രജിസ്റ്റേർഡ് തൊഴിലാളികൾക്ക് സമാശ്വാസ ധനമായി ആദ്യഗഡു 5000/- രൂപയും രണ്ടാം ഗഡു 10,000/- രൂപയും ഇതിനകം തന്നെ നൽകിയി ട്ടുണ്ട്. കൂടാതെ ആത്മഹത്യ ചെയ്ത രജിസ്റ്റേർഡ് തൊഴിലാളികളുടെ ആശ്രിതർക്ക് രണ്ട് ലക്ഷം രൂപാ വീതം ഇതിനകം ആറ് ലക്ഷം രൂപാ വിതരണം ചെയ്തിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**